പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1167 — 13.06.13 ൽ – മറുപടിക്ക്

## പൊതുവിതരണ സമ്പ്രദായം കമ്പ്യൂട്ടർവത്കരിക്കാനുള്ള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. എ. മാധവൻ;<br>'' എ. പി. അബ്ദുള്ളക്കുട്ടി;<br>'' ആർ. സെൽവരാജ്;<br>'' എം. പി. വിൻസെന്റ്: | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | പൊതുവിതരണ സമ്പ്രദായം പൂർണ്ണ മായും കമ്പ്യൂട്ടർവൽകരിക്കാനുള്ള നടപടികൾക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | പൊതുവിതരണ സമ്പ്രദായത്തിലെ തിരിമറിയും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും പൂർണ്ണമായും തടയാൻ സാധിക്കുന്നു. റേഷൻ കടകളിൽ ബയോമെട്രിക് അധിഷ്ഠിതമായി പ്രവർത്തിക്കുന്ന പോയിന്റ് ഓഫ് സെയിൽ (PoS) സംവിധാനം ഏർപ്പെടുത്തുകയും, ഈ ഉപകരണത്തിലൂടെ യഥാർത്ഥ ഉപഭോക്താവിനെ തിരിച്ചറിഞ്ഞ് അയാൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതാണ്. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; | (സി) | ഈ പദ്ധതി നടപ്പിലാക്കുന്നതിനായി **NIC, Kerala State IT Mission, Keltron, KSDI** എന്നീ ഏജൻസികളുടെ സഹകരണം ലഭിക്കുന്നുണ്ട്. |
| ഡി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ഈ പദ്ധതി ചുവടെ പറയുന്ന പ്രകാരം നാല് ഘട്ടങ്ങളായി തിരിച്ച് നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.<br>1. റേഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുക.<br>2. എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള വിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുക<br>3. യഥാർത്ഥ ഗുണഭോക്താവിനെ ശാസ്ത്രീയ മായി തിരിച്ചറിഞ്ഞ് റേഷൻകടകളിലൂടെ ഭക്ഷ്യധാന്യങ്ങൾ നൽകുന്നതിനുള്ള സംവിധാനം തയ്യാറാക്കുക.<br>4. ഗുണഭോക്താക്കൾക്ക് സുതാര്യമായ പരാതി പരിഹാര സംവിധാനം ഒരുക്കുക.<br><br>മേൽപ്പറഞ്ഞതിൽ ആദ്യത്തെ ഘട്ടമായി സംസ്ഥാനത്തെ 80 ലക്ഷത്തിൽപരം കാർഡുടമകളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ഘട്ടങ്ങൾ നടപ്പിലാക്കുന്നതിനായുള്ള **Detailed Project Report** തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ